# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3868

24.06.2014-ൽ മറുപടിക്ക്

## ഗൃഹശ്രീ പദ്ധതി ഗുണഭോക്താക്കൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) | |
| (എ) | ഗൃഹശ്രീ പദ്ധതി എന്നുമുതലാണ് നടപ്പിലാക്കി തുടങ്ങിയത്; | (എ) | സ.ഉ (എം.എസ്) 21/2013/ഭവനം തീയതി 26.08.2013 ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയ ഗൃഹശ്രീ ഭവന പദ്ധതി ഔദ്യോഗികമായി 12.02.2014-ലാണ് നടപ്പിൽ വരുത്തിയത്. |
| ബി) | ഗൃഹശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തൊക്കെയാണ്; | (ബി) | എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടുകൂടി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹൗസിംഗ് ബോർഡ് മുഖേന സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടുകൂടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്. |
| (സി) | ഗൃഹശ്രീ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ലഭിക്കുന്ന ആനുകൂല്യം എത്രയാണ്; | (സി) | ഗൃഹശ്രീ പദ്ധതി പ്രകാരം സ്പോൺസർമാർ ഒടുക്കുന്ന 1 ലക്ഷം രൂപയും, സർക്കാർ സബസ്സിഡിയായി 2 ലക്ഷം രൂപയും ഉൾപ്പെടെ 3 ലക്ഷം രൂപയാണ് ആനുകൂല്യമായി ലഭിക്കുന്നത്. |
| (ഡി) | ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ഡി) | ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അപേക്ഷ നൽകേണ്ടത് എവിടെയാണ്; | (ഇ) | ഗൃഹശ്രീ പദ്ധതി പ്രകാരം വീട് സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്ന സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

(എഫ്) ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യത്തിന് ഓരോ ജില്ലയിലും ഇപ്പോൾ എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്;

(ജി) നാളിതുവരെ ഓരോ ജില്ലയിലും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും ആകെ എത്ര തുകയുടെ ആനുകൂല്യം വിതരണം ചെയ്തെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(എഫ്) ഉം (ജി) യും ഗൃഹശ്രീ പദ്ധതി പ്രകാരം നാളിതുവരെ മൂന്നു കോടി എട്ട് ലക്ഷത്തി അമ്പതിനായിരം രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | അനുവദിച്ച തുക |
|---|---|
| ആലപ്പുഴ | 2850000 |
| എറണാകുളം | 400000 |
| ഇടുക്കി | 550000 |
| കണ്ണൂർ | 1550000 |
| കാസർഗോഡ് | 450000 |
| കൊല്ലം | 7100000 |
| കോട്ടയം | 200000 |
| കോഴിക്കോട് | 2050000 |
| മലപ്പുറം | 1950000 |
| പാലക്കാട് | 2400000 |
| പത്തനംതിട്ട | 2750000 |
| തിരുവനന്തപുരം | 7750000 |
| തൃശ്ശൂർ | 300000 |
| വയനാട് | 550000 |
| **ആകെ** | **3,08,50,000** |

ഈ പദ്ധതി പ്രകാരം സ്പോൺസർ ചെയ്യപ്പെട്ട വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ

(a). കുറഞ്ഞത് രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ, റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ, സ്വന്തം പേരിൽഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) ഗുണഭോക്താക്കൾ അർഹരാണ്.

(b). കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി.എൽ) അർഹരാണ്.

(c). കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്. ടി വിഭാഗക്കാരുടെ വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലുതവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിർഷ്കർഷിച്ചിട്ടുള്ള താഴെപറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

(1) ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും).
(3) വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസിൽ നിന്നും).
(4) വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്).
(5) റേഷൻകാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).
(6) 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്.
(7) ഭവനരഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ /പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
(8) ഭവനനിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
(9) പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.
(10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന ഫോട്ടോ കോപ്പി.
(11) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).

# അനുബന്ധം II

## ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിശദാംശം.

### സംക്ഷിപ്ത വിവരം

| | സ്പോൺസർഷിപ്പ് നടത്തിയ വ്യക്തികൾ/സന്നദ്ധ സംഘടനകൾ എന്നിവയെ സംബന്ധിക്കുന്ന വിവരം | | | | ആകെ |
|---|---|---|---|---|---|
| | വ്യക്തികളുടെ എണ്ണം | സ്പോൺസർ ചെയ്ത വീടുകളുടെ എണ്ണം | സംഘടനകളുടെ എണ്ണം | സ്പോൺസർ ചെയ്ത വീടുകളുടെ എണ്ണം | |
| 2012-13 | 241 | 241 | 280 | 8003 | 8244 |
| 2013-14 | 243 | 243 | 176 | 6071 | 6314 |
| 2014-15 | 56 | 64 | 21 | 650 | 713 |
| ആകെ | 540 | 548 | 477 | 14724 | 15272 |

## വ്യക്തിഗത സ്പോൺസർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ

| ജില്ല | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 25 | 51 | 16 | 92 |
| കൊല്ലം | 1 | 19 | 4 | 24 |
| ആലപ്പുഴ | 179 | 31 | 4 | 214 |
| പത്തനംതിട്ട | 3 | 7 | 0 | 10 |
| കോട്ടയം | 1 | 3 | 3 | 7 |
| ഇടുക്കി | 0 | 0 | 0 | 0 |
| എറണാകുളം | 1 | 8 | 1 | 10 |
| തൃശ്ശൂർ | 0 | 25 | 5 | 30 |
| പാലക്കാട് | 18 | 20 | 1 | 39 |
| മലപ്പുറം | 4 | 17 | 2 | 23 |
| കോഴിക്കോട് | 5 | 17 | 12 | 34 |
| വയനാട് | 1 | 22 | 6 | 29 |
| കണ്ണൂർ | 3 | 14 | 2 | 19 |
| കാസർകോഡ് | 0 | 9 | 0 | 9 |
| ആകെ | 241 | 243 | 56 | 540 |

# സംഘടനാ സ്പോൺസർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ

| ജില്ല | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 37 | 16 | 4 | 57 |
| കൊല്ലം | 8 | 26 | 1 | 35 |
| ആലപ്പുഴ | 67 | 19 | 2 | 88 |
| പത്തനംതിട്ട | 11 | 8 | 2 | 21 |
| കോട്ടയം | 8 | 6 | 1 | 15 |
| ഇടുക്കി | 9 | 6 | 0 | 15 |
| എറണാകുളം | 3 | 5 | 1 | 9 |
| തൃശ്ശൂർ | 7 | 18 | 1 | 26 |
| പാലക്കാട് | 22 | 14 | 2 | 38 |
| മലപ്പുറം | 39 | 14 | 4 | 57 |
| കോഴിക്കോട് | 35 | 20 | 0 | 55 |
| വയനാട് | 5 | 8 | 1 | 14 |
| കണ്ണൂർ | 15 | 6 | 1 | 22 |
| കാസർകോഡ് | 14 | 10 | 1 | 25 |
| ആകെ | 280 | 176 | 21 | 477 |